സജ്ജമാക്കുന്നതിനും നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ഉൾഗ്രാമീണ റോഡുകളുടെ നിർമ്മാണം ഉടൻ പൂർത്തിയാകുന്നതാണ്. ഒന്നാംഘട്ട വികസനപ്രവർത്തനങ്ങൾ അതിന്റെ അവസാന ഘട്ടത്തിലാണ്. സ്ഥലം വിപണനം ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 31-12-2000 വരെ ഈ പദ്ധതിക്കായി മൊത്തം 1514.47 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

ടെക്നോപാർക്കിൽ സർക്കാർ അംഗീകാരം നൽകിയിട്ടുള്ള സ്ഥാപനങ്ങൾ

169 (1435) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ടെക്നോപാർക്കിൽ എത്ര സ്ഥാപനങ്ങൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട് ; എത്ര സ്ഥാപനങ്ങൾക്ക് ശമ്പളം നൽകുന്നു ;

(ബി) ഇപ്പോൾ ഈ സ്ഥാപനയിൽ ആരെല്ലാം ജോലിചെയ്തുവരുന്നു ; ഇവരുടെ വിദ്യാഭ്യാസയോഗ്യത പ്രവൃത്തിപരിചയം, നിയമന രീതി ഇവ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ടെക്നോപാർക്കിൽ 13 സ്ഥാപനങ്ങളാണ് നിലവിലുള്ളത്. എല്ലാം സർക്കാർ അംഗീകാരമുള്ളതാണ്. ശമ്പളം ടെക്നോപാർക്കാണ് നൽകുന്നത്.

(ബി) വിശദവിവരങ്ങൾ അനുബന്ധമായി നൽകിയിട്ടുണ്ട്. †

വിദേശ മൂലധന മുടക്ക്

170 (1437) ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. എം. കെ. മുനീർ :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996-2001 കാലഘട്ടത്തിൽ സംസ്ഥാനത്ത് വിദേശമലയാളികൾ എത്ര വ്യവസായങ്ങൾ ആരംഭിച്ചുവെന്ന് പറയാമോ ;

(ബി) ഇതിന് എത്രകോടി രൂപ മൂലധന മുടക്കിയിട്ടുണ്ട് ;

(സി) എന്തൊക്കെ വ്യവസായങ്ങൾ എവിടെയൊക്കെയാണ് തുടങ്ങിയതെന്ന് വ്യക്തമാക്കാമോ ;

(ഡി) 1996-2001 കാലഘട്ടത്തിൽ സംസ്ഥാനത്ത് വിദേശവ്യവസായികൾ എന്തൊക്കെ വ്യവസായങ്ങൾ എത്രകോടി രൂപവീതം മുടക്കി എവിടെയൊക്കെ ആരംഭിച്ചുവെന്ന് പറയാമോ ?

† അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1996-2001 കാലഘട്ടത്തിൽ ടെക്നോപാർക്കിൽ 8 ഉം, കെ.എസ്. ഐ.ഡി.സി. യുടെ ധനസഹായത്തോടെ 21 ഉം വിദേശ മലയാളികൾ വ്യവസായ സ്ഥാപനങ്ങൾ (ആകെ 29) ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. യുടെ സഹായത്തോടെ നിർമ്മാണഘട്ടത്തിൽ ഇരിക്കുന്ന 20 വിദേശമലയാളി വ്യവസായ സംരംഭങ്ങൾകൂടി ഉണ്ട്. കിൻഫ്രായുടെ തിരുവനന്തപുരത്ത് തുമ്പയിലുള്ള ചെറുകിട വ്യവസായ പാർക്കിൽ ഒരു വിദേശമലയാളിക്ക് വ്യവസായം തുടങ്ങാൻ ഭൂമി അലോട്ടുചെയ്തിട്ടുണ്ട്.

(ബി) ഇതിന് 128.45 കോടി രൂപ മുതൽ മുടക്കിയിട്ടുണ്ട്.

(സി) അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു. †

(ഡി) അനുബന്ധം 2 ശ്രദ്ധിച്ചാലും. കൂടാതെ വിദേശ സഹായത്തോടെ കിൻഫ്രായുടെ പാർക്കുകളിലെ വ്യവസായങ്ങളെ സംബന്ധിച്ചവിവരം ചുവടെ ചേർക്കുന്നു.

1. കിൻഫ്രായുടെ എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ (കാക്കനാട് -എറണാകുളം) കേരളാ കെമിക്കൽസ് ആൻഡ് പ്രോട്ടീൻസ് ലി., ജപ്പാൻ സഹായം. മുതൽമുടക്ക്-7500 ലക്ഷം രൂപ.

2. കിൻഫ്രായുടെ എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ (കാക്കനാട്) കേര ഫൈബർടെക്സ് ഇന്റർനാഷണൽ പ്രൈ ലി., ഇറ്റലിയുടെ സഹായം. മുതൽമുടക്ക് 190 ലക്ഷം രൂപ.

3. കിൻഫ്രായുടെ തലശ്ശേരിയിലെ ചെറുകിട വ്യവസായ പാർക്കിൽ റബ്കോ-മലേഷ്യൻഗ്രൂപ്പ്-റബ്കോ ഹൂവാട്ട് പ്രൈ.,ലി., മുതൽമുടക്ക്-2500 ലക്ഷം രൂപ.

## പുതിയ വ്യവസായങ്ങൾ

**171 (1438)** ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ വ്യവസായം ആരംഭിക്കുന്നതിനായി വ്യവസായ വകുപ്പുമന്ത്രിയും വകുപ്പ് ഉദ്യോഗസ്ഥൻമാരും ഏതെല്ലാം രാജ്യങ്ങളിൽ വിദേശപര്യടനം നടത്തിയിട്ടുണ്ട് ;

(ബി) ആകെ എത്ര തവണ വിദേശ പര്യടനം നടത്തിയിട്ടുണ്ട് ;

(സി) ഇതിന്റെ ഫലമായി സംസ്ഥാനത്ത് പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഡി) കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ സംസ്ഥാനത്തെ വ്യവസായ വളർച്ചാനിരക്ക് എത്രയാണെന്നു വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly